# അടിസ്ഥാന വിശ്വാസങ്ങൾ

***യാഹ്വെസ് അസംബ്ലി ഇൻ യാഹ്ശുവയുടെ***

വിശ്വാസങ്ങളുടെ ഒരു സംഗ്രഹം

**മുഖവുര**

ഒരിക്കൽ വിശുദ്ധന്മാർക്ക് കൈമാറിയ അടിസ്ഥാന വിശ്വാസത്തിന്റെ സംഗ്രഹമായി മിശിഹായുടെ സഹോദരർ ഈ ലേഖനം സന്തോഷത്തോടെ അവതരിപ്പിക്കുന്നു. ഈ ലേഖനത്തിൽ പറയുന്ന വിശ്വാസതത്വങ്ങളുടെ സംഗ്രഹം പരിശോധിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു; പൗലോസ് അപ്പോസ്തലൻ പറയുന്നതു പ്രകാരം "സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ." [യൂദാ 3; 1 തെസ്സ. 5:21]

നമുക്കെല്ലാവർക്കും നിലകൊള്ളുവാൻ കഴിയുന്ന നമ്മുടെ പൊതു വിശ്വാസത്തിന്റെ അടിസ്ഥാനമായി ഈ ഉപദേശപരമായ സംഗ്രഹം ഞങ്ങൾ വിനയപൂർവ്വം മുന്നോട്ട് വയ്ക്കുന്നു.

യാഹ്വെയുടെ നിശ്വാസ വചനമനുസരിച്ച് താഴെ കുറിച്ചിരിക്കുന്നവ സത്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു:

## 1. ബൈബിൾ

മനുഷ്യന് സ്വയമായി മനസ്സിലാക്കുവാൻ കഴിയാത്തതായ കാര്യങ്ങൾ യാഹ്വെയുടെ പ്രചോദനത്താൽ ദൈവവചനമായ ബൈബിളിൽകൂടി വെളിപ്പെടുത്തുന്നു. "യാഹ്വെയുടെ വായിൽനിന്നു പുറപ്പെടുന്ന സകലവചനത്താലും" നമ്മൾ ജീവിക്കണം. എല്ലാ തിരുവെഴുത്തുകളും [പഴയതും പുതിയതുമായ നിയമങ്ങൾ] യാഹ്വെയുടെ പ്രചോദനത്താൽ നൽകപ്പെട്ടതാണ്. അത് ഉപദേശത്തിനും ശാസനയ്ക്കും തിരുത്തലിനും നീതിയെക്കുറിച്ചുള്ള പ്രബോധനത്തിനും പ്രയോജനകരമാണ്. വേദപുസ്തകം ദൈവത്തിന്റെ വചനമാണ്, സ്വകാര്യ വ്യാഖ്യാനങ്ങൾ അതിൽ ഇല്ല. നാം വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറെക്കയോ ചെയ്യരുതു. [മത്താ. 4:4; 2 തിമോ. 3:14-16; 2 പത്രോ. 1:21; ആവർ. 4:2; 12:32; വെളി. 22:18].

## 2. പിതാവ്

സൃഷ്ടിയുടെ ആരംഭത്തിൽ പിതാവെന്ന പ്രധാന ശില്പി സകല സൃഷ്ടിയും തന്റെ പുത്രൻ മുഖാന്തരം സൃഷ്ടിച്ചു. യഥാർത്ഥ നിശ്വസ്ത തിരുവെഴുത്തുകളിൽ സ്വർഗീയ പിതാവിന്റെ പേര് യാഹ്വെ എന്നാണ്. തന്റെ നാമം എന്നെന്നേക്കും യാഹ്വെ എന്നാകുന്നു. യാഹ്വെ എന്ന ഈ മഹത്തായ നാമം തന്റെ കുടുംബത്തിന് മാത്രമുള്ളതാണ്. യാഹ്വെ എല്ലാ ശക്തിയുടെയും അധികാരത്തിന്റെയും ഉറവിടമാണ്, എല്ലാ കൃതജ്ഞതയും ബഹുമാനവും യാഹ്വെയ്ക്ക് ഉള്ളതാകുന്നു. യാഹ്വെ ആത്മാവാകുന്നു; എല്ലാ ആരാധനയും തന്റെ പുത്രനായ യാഹ്ശുവയിൽ കൂടി കേന്ദ്രീകരിക്കുന്നു. [സദൃ. 8:22, 31; വെളി. 3:14; കൊലൊ. 1:15-17; സങ്കീ. 68:4; യെശ. 42:8; യിരെ. 16:21; പുറ. 3:14-15; യെശ. 63:12; 66:5; സങ്കീ. 22:22; യോഹ. 17:11; എഫെ. 3:14-15; മത്താ. 4:10; 6:9; കൊലൊ. 1:12; യാക്കോ. 1:17; 1 പത്രൊ. 2:5; യോഹ. 4:24; യോഹ. 14:6, എഫെ. 5:20]

## 3. പുത്രൻ

യാഹ്ശുവ എന്നത് നമ്മുടെ രക്ഷകന്റെ ശരിയായ നാമമാണ്. ഈ നാമം "യാഹ്വെ", "ഹോഷ്വ" എന്നിവയുടെ സംയോജന ചുരുക്കമാണ്. നൂന്റെ മകനായ യോശുവയ്ക്ക് മോശെ നൽകിയ പേരുപോലെ വളരെ അടുപ്പമുള്ള പേരാണ് യാഹ്ശുവ. യാഹ്ശുവ എന്ന പേരിന്റെ അർത്ഥം തന്നെ യാഹ്വെ രക്ഷകനാകുന്നു എന്നാണ്. എന്തുകൊണ്ടെന്നാൽ തന്റെ പുത്രനിൽ കൂടി മാത്രമാണ് മനുഷ്യരാശിക്ക് യാഹ്വെ രക്ഷ കല്പിച്ചിരിക്കുന്നത്. നമ്മുടെ മഹത്വമുള്ള സ്വർഗ്ഗീയ പിതാവായ യാഹ്വെയും തന്റെ വിസ്മയജനകനായ പുത്രനും നമ്മുടെ രക്ഷകനുമായ യാഹ്ശുവ മിശിഹാ വെളിപ്പെടുത്തിയ പേരുകൾ ഞങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുന്നു. യാഹ്ശുവ നമ്മുടെ വക്താവാണ്, 'ലോഗോസ്' അല്ലെങ്കിൽ 'വചനം' (ഹീബ്രുവിൽ 'ദബാർ') എല്ലാറ്റിനും മുമ്പായി ജനിച്ചതും പിതാവായ

യാഹ്വെയ്ക്ക് ഒപ്പമുണ്ടായിരുന്നതുമാണ്. യാഹ്വെയുടെ ശക്തിയാൽ ഒരു കന്യകയിൽ ജനിച്ച് , യാഹ്വെയുടെ നാമത്തിൽ വന്ന്, പാപരഹിതനായി ജീവിച്ച തന്റെ സ്വർഗ്ഗീയ മഹത്വങ്ങൾ എല്ലാം ഒഴിഞ്ഞു ഒരു പ്രശസ്തിയും ഇല്ലാത്തവനായി, ഒരു ഭൃത്യനായ മനുഷ്യനായി യാഹ്ശുവ അവതരിച്ചു. കൂടാതെ തിരുവെഴുത്തുകൾ പ്രകാരം മൂന്ന് രാവും മൂന്ന് പകലും കഴിഞ്ഞ് പിതാവിനാൽ (പിതാവിന്റെ ശക്തിയാൽ) മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ്, ഇപ്പോൾ നമ്മുടെ പിതാവായ യാഹ്വെയുടെ വലതു ഭാഗത്തിരിക്കുന്നതിനായി സ്വർഗ്ഗാരോഹണം ചെയ്തു. യാഹ്ശുവ ഇപ്പോൾ നമ്മുടെ അഭിഭാഷകനും, മധ്യസ്ഥനും, മഹാപുരോഹിതനുമാണ്. തന്നിലൂടെ മാത്രമേ നമുക്ക് സ്വർഗ്ഗീയ പിതാവിനെ സമീപിക്കാൻ കഴിയകയുള്ളൂ. [സംഖ്യ 13:16; പ്രവൃത്തികൾ 4:12; ഉല്പ. 1:26; യോഹ. 1:1-3; 8:58; 13:3; 1 കൊരി. 10:4; കൊലൊ. 1:15-17; യോഹ. 17:5; ഫിലി. 2:5-7; എബ്രാ. 2:6-14; യെശ. 7:14; 9:6; മത്താ. 1:18, 23; ലൂക്കോ. 1:26-38; യോഹ. 5:43.; യെശ. 53:9; 1 പത്രോ. 2:22; മത്താ. 12:40; പ്രവൃത്തികൾ 3:15; 1 കൊരി. 15:3-4; ലൂക്കോ. 24:51; എബ്രാ. 1:13; 3:1; 4:14; യോഹ. 14:6.]

## 4. പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവ് (ഹീബ്രുവിൽ **റൂഹാ ഹാ ഖോദേശ്** ) എന്നത് അദൃശ്യമായ ഒരു ചലനാത്മക ശക്തിയാണ്. ഈ ശക്തി പിതാവിൽ നിന്ന് ഉത്ഭവിക്കുന്നതും പുത്രൻ പങ്കിടുന്നതുമായ ശക്തിയും മനസ്സുമാണ്. സ്നാനത്തിനുശേഷം യാഹ്ശുവയുടെ രക്ഷയാകുന്ന നാമത്തിൽ സഭയിലെ മൂപ്പന്മാർ ഒരു വിശ്വാസിയുടെ മേൽ കൈകൾ വയ്ക്കുമ്പോൾ ഈ അദൃശ്യമായ ശക്തി വിശ്വാസിയുടെ ഉള്ളിൽ യാഹ്ശുവയിലൂടെ ഉൾകൊള്ളുന്നു. ഈ സ്നാനം പരിശുദ്ധാത്മാവിനാലുള്ള സ്നാനം കൂടിയാണ്, കാരണം അത് നമ്മെ മിശിഹായുടെ ശരീരത്തിലേക്ക് യോജിപ്പിക്കുന്നു. യാഹ്വെയുടെ കൽപ്പനകൾ സന്തോഷത്തോടെ പരിപാലിക്കുവാൻ നമ്മളിൽ ഉൾകൊള്ളപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമുക്ക് സാധ്യമാകുന്നു. പരിശുദ്ധാത്മാവിനെ കാറ്റിനോട് ഉപമിച്ചിരിക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയല്ല, മറിച്ച് ചലനാത്മകവും അദൃശ്യവുമായ ഒരു ശക്തിയാണ്. അതുകൊണ്ട്, ത്രിത്വ സിദ്ധാന്തം (ട്രിനിറ്റി) തിരുവെഴുത്തുപരമല്ല, കൂടാതെ പുറജാതീയതയിൽ നിന്നുത്ഭവിച്ച ഒരു സിദ്ധാന്തം മാത്രമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. [ലൂക്കോ. 24:49; യോഹ. 3:8; 14:17; 15:26; 1 കൊരി. 2:10-16; പ്രവൃത്തികൾ 2:33, തീത്തോ. 3:6, പ്രവൃത്തികൾ 2:38; 5:32; 8:17; 19:6; 1 തിമൊ. 4:14; 2 തിമൊ. 1:6; റോമ. 8:15-17; 1 കൊരി. 12:13, ഗലാ. 3:28. യോഹ. 14:15, 14:21-24; പ്രവൃത്തികൾ 1:8; 1 യോഹ. 2:5; യോഹ. 3:8; പ്രവൃത്തികൾ 10:45]

## 5. സ്നാനം

നിർവ്യാജമായ മാനസാന്തരത്തിനു ശേഷം, യാഹ്ശുവയുടെ നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനം എടുക്കേണ്ടത് വിശുദ്ധീകരണത്തിന് ആവശ്യമായ ഒരു പ്രവൃത്തിയാണ്. കൂടാതെ, യാഹ്ശുവയുടെ നാമത്തിലല്ലാതെ മറ്റൊരു നാമത്തിലും രക്ഷ ഇല്ല. ഈ സ്നാനം എടുക്കുന്നത് പിന്നിലേക്ക് ഒരിക്കൽ മാത്രം വെള്ളത്തിൽ മുക്കിയാണ്. ഇപ്രകാരമുള്ള സ്നാനം ചിത്രീകരിക്കുന്നത് പുതു വിശ്വാസിയുടെ പഴയ ജഡീക സ്വഭാവം കീഴടക്കി സംസ്കരിക്കുന്നതായിട്ടാണ്. കൂടാതെ ദൈവത്തിന്റെ ആത്മാവിനാൽ ജീവന്റെ പുതുമയിൽ ദൈവത്തെ സേവിക്കുന്നതിനായി ഒരു പുതിയ സൃഷ്ടിയായി ഉയർന്നു വരുന്നു. യാഹ്ശുവ എന്ന ഒരേയൊരു യഥാർത്ഥ രക്ഷാകരമായ നാമത്തിലുള്ള ഈ സ്നാനത്താൽ നമ്മെ ഒരു ശരീരത്തിലേക്ക് കൂട്ടിച്ചേർക്കുന്നു. ഈ സ്നാനം മൂലം നമ്മെ യാഹ്ശുവയുടെ ഏക സത്യവിശ്വാസത്തിലേക്ക് ഒന്നിപ്പിക്കുകയും, യാഹ്ശുവയുടെ ശരീരത്തിന്റെ ഭാഗങ്ങളായി തീർക്കുകയും ചെയ്യുന്നു. [മത്താ. 3:13-17; പ്രവൃത്തികൾ 2:38; 4:12; 8:16; 10:43; 19:5; റോമ. 6:3; പ്രവൃത്തികൾ 4:12; 2:38; റോമർ 6:3-5; കൊലൊ. 2:12; റോമ. 7:6; 12:1; 1 പത്രോ. 3:21; റോമ. 12:5; എഫെ. 4:3-6; 1 കൊരി 12:12-14].

## 6. നിയമം

മനുഷ്യനുള്ള യാഹ്വെയുടെ മഹത്തായ രക്ഷാപദ്ധതി തന്റെ പുത്രനായ യാഹ്ശുവ മിശിഹായിലൂടെയും, യാഹ്വെയുടെ വിശുദ്ധ ശബ്ബത്തുകളും, പെരുന്നാൾ ദിനങ്ങളും ആചരിക്കുന്നതിലൂടെയുമാണ് വെളിപ്പെടുന്നത്. ബലിയർപ്പണങ്ങളും അനുഷ്ഠാന നിയമങ്ങളും യെരുശലേം ദേവാലയവുമായി ബന്ധപ്പെട്ടതുമായ ആരാധനകൾ ഇപ്പോൾ ഇല്ലാതായിരിക്കുന്നു. യാഹ്വെയുടെ കുഞ്ഞാടായ യാഹ്ശുവയിലൂടെ ആ ബലിയർപ്പണങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇപ്പോൾ നമ്മുടെ ബലിയർപ്പണങ്ങൾ ആത്മീയവും, പരിച്ഛേദന ഹൃദയത്തിൽ നിന്നുള്ള അനുസരണവുമാണ്. രക്ഷകനിലുള്ള വിശ്വാസത്താലും, ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലും, യാഹ്വെയുടെ

കൽപ്പനകൾ പാലിക്കുവാൻ ഇപ്പോൾ നമുക്ക് സാധ്യമാകും. [ലേവ്യ. 23; സംഖ്യ. 28-29; യോഹ. 1:29; എബ്രാ. 8-10; റോമ. 12:1; എബ്രാ. 13:15-16; 1 പത്രോ. 2:5; ആവർ. 10:16; 30:6-8; യിരെ. 4:4; 1 കൊരി. 7:19; ഗലാ. 5:6; ഫിലി. 3:3; ആവർ. 7:9; സങ്കീ. 119:160; മത്താ. 5:17-19; 19:16-19; എഫെ. 2:8-10; 1 യോഹ. 1:1-5; 1 യോഹ. 3:21-24.]

## 7. ശബ്ബത്ത് (ശാബത്ത്)

ആഴ്ചയുടെ ഏഴാം നാൾ (ശനിയാഴ്ച) ശബ്ബത്ത് ദിനമായി യാഹ്വെ ദൈവം വേർതിരിച്ചിരിക്കുന്ന വിശുദ്ധ ദിവസമാണ്. ആറാം ദിവസം തന്റെ സൃഷ്ടി കർത്തവ്യം പൂർത്തീകരിക്കുകയും ഏഴാം ദിവസത്തെ യാഹ്വെ ദൈവം വിശുദ്ധീകരിക്കുകയും അതിൽ വിശ്രമിക്കുകയും ചെയ്തു. ആയതിനാൽ ഏഴാം ദിവസം വിശുദ്ധമായ വിശ്രമ ദിനമാണ്. ആഴ്ച തോറും വരുന്ന ശബ്ബത്ത് വിശ്രമം ആ മഹത്തായ സഹസ്രാബ്ദ വിശ്രമത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. യാഹ്വെയുടെ അത്ഭുതകരമായ സൃഷ്ടിയും, വീണ്ടെടുപ്പും, സൗജന്യമായി അനുഭവിക്കാനും സ്വീകരിക്കാനുമുള്ള ഒരു വലിയ അവസരമായി ഈ ശബ്ബത്തിൽ കൂടി വാഗ്ദാനം ചെയ്യുന്നു. ശബ്ബത്തിൽ പങ്കെടുക്കുന്നതിലൂടെ, സൃഷ്ടാവും നമ്മുടെ രക്ഷയുടെ രചയിതാവും പൂർത്തീകരണക്കാരനും എന്ന നിലയിൽ യാഹ്ശുവയിലുള്ള നമ്മുടെ വിശ്വാസം നാം പ്രകടിപ്പിക്കുന്നു. ശബ്ബത്ത് വിശ്രാമം യാഹ്വെയോടുള്ള നമ്മുടെ സ്നേഹത്തിന്റെയും, വിശ്വസ്തതയുടെയും, പ്രതിബദ്ധതയുടെയും പ്രതീകമാണ്. വിശ്രമത്തിനും ആരാധനയ്ക്കും വേണ്ടി സൃഷ്ടാവിന്റെ നിയുക്ത സമയങ്ങളിൽ നമ്മുടെ സമയം സമർപ്പിക്കുമ്പോൾ, നാം യാഹ്വെയുടെ ഇഷ്ടത്തിന് വിധേയത്വം കാണിക്കുകയും, നമ്മുടെ ജീവിതത്തിലും, മുഴുവൻ സൃഷ്ടിയിലും അവിടുത്തെ ആധിപത്യം തിരിച്ചറിയുകയും ചെയ്യുന്നു. ആകയാൽ ദൈവത്തിന്റെ ജനത്തിന്നു ഒരു **'ശബ്ബത്തനുഭവം'** ശേഷിച്ചിരിക്കുന്നു. ഈ വേർതിരിക്കപ്പെട്ട വിശ്രമ ദിനം ബഹുമാനയോഗ്യമായ സന്തോഷത്തിന്റെ ദിവസമാണ്, മറിച്ച് ജോലിക്കും, ശാരീരിക അധ്വാനത്തിനും വേണ്ടി ഉള്ളതല്ല. [ഉല്പ. 2:2-3; പുറ. 20:8-11; മത്താ. 11:28-30; ലൂക്കോ. 4:16-18; എബ്രാ. 4:1-6; മർക്കോ. 2:27-28; എബ്രാ. 4:7-11; 12:2; പുറ. 31:12-13; എബ്രാ. 4:9; യെശ. 58:13]

## 8. പെസഹാ

യാഹ്ശുവ മിശിഹായുടെ വിലയേറിയ ത്യാഗത്തിന്റെ സ്മരണ എല്ലാ വർഷവും ആബിബ് മാസം 14-ാം തീയതി വൈകുന്നേരം (ദിവസത്തിന്റെ ആരംഭത്തിൽ) ആചരിക്കുന്നു, അതായത് 13-ാം തീയതി അവസാനിക്കുമ്പോൾ. മിസ്രയീമിലെ യഥാർത്ഥ പെസഹാ പ്രകാരം, 14-ന് അർദ്ധരാത്രിയിൽ ആണ് യാഹ്വെ ദൈവം (മിസ്രയീമ്യ ആദ്യജാതന്മാരെ ദണ്ഡിപ്പിക്കുവാൻ), യിസ്രായേൽ മക്കളെ കടന്നുപോയ ദിവസം. താഴ്മയോടെ യാഹ്വെയുടെ പെസഹായിൽ പങ്കുചേരുമ്പോൾ, നമ്മുടെ പാപപരിഹാരത്തിനായി ചൊരിയപ്പെട്ട സ്നേഹനിധിയായ രക്ഷകന്റെ രക്തം നമ്മൾ സ്വീകരിക്കുന്നുവെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. യാഹ്ശുവ സ്ഥാപിച്ച ഈ പെസഹയുടെ അടയാളങ്ങൾ ഇപ്രകാരമാകുന്നു: തന്റെ തകർന്ന ശരീരത്തിന്റെ അടയാളമായി പുളിപ്പില്ലാത്ത അപ്പവും താൻ ചൊരിഞ്ഞ രക്തത്തിന്റെ അടയാളമായി മുന്തിരി പഴത്തിന്റെ ചാറും ഞങ്ങൾ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നു. പെസഹാ ശുശ്രൂഷയിൽ നമ്മുടെ പ്രിയപ്പെട്ട രക്ഷകനും വീണ്ടെടുപ്പുകാരനും നിർദ്ദേശിച്ച പ്രകാരം യാഹ്ശുയോടുള്ള നമ്മുടെ സ്നേഹവും സഹോദരങ്ങൾക്കിടയിലെ വിനയവും കാൽകഴുകൽ ശുശ്രൂഷയിൽ കൂടി കാണിക്കുന്നു. [പുറ. 12:13-14; സംഖ്യാ. 28:16; ലൂക്കോ. 22:15-20; 1 കൊരി. 11:23-29; പുറ. 23:18; 1 കൊരി. 10:16; ആവർ. 32:14; യെശ. 65:8-9; മത്താ. 26:27-29; യോഹ. 13:3-17]

## 9. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ

പെസഹായിൽ പങ്കെടുത്തതിന് ശേഷം, പുളിപ്പില്ലാത്ത അപ്പത്തിന്റെ തുടർന്നുള്ള ഏഴ് ദിവസങ്ങൾ ആചരിക്കുമ്പോൾ, അനുസരണയോടെ പാപരഹിതമായ ജീവിതം നയിക്കാൻ ഞങ്ങൾ പ്രയത്നിക്കുന്നു. പാപത്തിൽ നിന്നും നീതിയിലേക്കു വരുവാനുള്ള ആദ്യപടിയുടെ പ്രതീകമായി കാണിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ഈ ആദ്യ ദിവസം ആബിബ് മാസം 15-ന് നിരീക്ഷിക്കുന്നതിൽ നാം സന്തോഷിക്കുന്നു. ഈ ശബ്ബത്ത് പുളിപ്പില്ലാത്ത അപ്പത്തിന്റെ ഏഴു ദിവസത്തിന്റെ ആരംഭത്തിലാണ്. ഏഴാമത്തെ, അഥവാ അവസാന ദിവസവും ഒരു ശബ്ബത്താണ്, ആബിബ് മാസം 21-ന്, നമ്മുടെ രക്ഷകനായ യാഹ്ശുവ മിശിഹായുടെ നീതിയെ അനുഗമിക്കുന്നതിനായി പാപത്തിന്റെയും അതിക്രമത്തിന്റെയും ലൗകിക വഴിയിൽ നിന്ന് പൂർണമായി പുറത്തുവരുന്നതിനെ ചിത്രീകരിക്കുന്നു. പാപത്തിലേക്ക് നയിച്ചേക്കാവുന്ന തെറ്റായ ഉപദേശങ്ങളിൽ നിന്ന് നമ്മെത്തന്നെ ശുദ്ധീകരിക്കുന്നതിനെക്കുറിച്ച്

ഓർമ്മിപ്പിക്കുന്നതിനായി ഏഴ് ദിവസത്തേക്ക് ഞങ്ങളുടെ വീടുകളിൽ നിന്ന് പുളിപ്പിച്ച എല്ലാ ഉൽപ്പന്നങ്ങളും ഞങ്ങൾ ഒഴിവാക്കുന്നു. ഭൗതികമായ പ്രവർത്തികളിലൂടെ നാം ഒരു ആത്മീയ പാഠം ഇതിൽ പഠിക്കുന്നു. ഈ ഏഴു ദിവസത്തേക്ക് പുളിപ്പില്ലാത്ത അപ്പം കഴിക്കുന്നു, ആത്മാർത്ഥതയുടെയും സത്യത്തിന്റെയും പുളിപ്പില്ലാത്ത അപ്പം പ്രതീകാത്മകമായി എടുക്കാൻ നമ്മെ അനുവദിക്കുന്നു. [ലേവ്യ. 23:6; മത്താ. 16:12; മർക്കോ. 8:14-15; ലൂക്കോ.12:1; റോമ. 6:13-22; 1 കൊരി. 5:6-8; പുറ. 12:15, 20; സംഖ്യ. 28:17-25; പ്രവൃത്തികൾ 20:6-7; 1 കൊരി. 5:7-8]

## 10. പെന്തക്കോസ്ത്

പെന്തക്കോസ്ത് ദിവസം (ഹീബ്രുവിൽ **ഷാവുഓത്ത്**) അല്ലെങ്കിൽ ആഴ്ചകളുടെ പെരുന്നാൾ ഒരു ശബ്ബത്ത് ദിനവും, മൂന്നാമത് വരുന്നതും ആണ്ടുതോറുമുള്ള ശബ്ബത്തും ആണ്, അത് വളരെ സവിശേഷമായ ഒരു സഭായോഗമാണ്. പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസങ്ങളിൽ വരുന്ന പ്രതിവാര ശബ്ബത്തിന്റെ പിറ്റേന്ന് മുതൽ എണ്ണി തുടങ്ങണം. ഏഴ് ശബ്ബത്തുകൾ, ഏഴ് സമ്പൂർണ ആഴ്ചകളുടെ എണ്ണം തിട്ടപ്പെടുത്തുന്നു, ഇത് ആഴ്ചതോറുമുള്ള ശബ്ബത്തിന്റെ പിറ്റേന്ന്, ഞായറാഴ്ച അഥവാ ആഴ്ചയിലെ ആദ്യ ദിവസത്തിൽ എത്തിച്ചേരും. യാഹ്‌വെ ദൈവം യിസ്രായേൽ ജനതയുമായി സീനായി മലയിൽ വച്ച് ഉടമ്പടി ഉണ്ടാക്കിയ ദിവസത്തിന്റെ സ്മാരകമായാണ് ഇത് ആചരിക്കുന്നത്. പിതാവായ ദൈവത്തിൽ നിന്നുള്ള ശക്തിയാൽ തന്റെ സഭയെ നിറയ്ക്കുമെന്നു യാഹ്ശുവ മ്ശിഹാ വാഗ്ദാനം ചെയ്ത ദിവസം കൂടിയാണിത്. യാഹ്‌വെയുടെ പരിശുദ്ധാത്മാവിനെ തന്റെ ജനത്തിന്മേൽ പകർന്നപ്പോൾ, "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" എന്ന യാഹ്ശുവ മിശിഹായുടെ വാഗ്ദാനവും പെന്തക്കോസ്ത് ദിനത്തിൽ നിറവേറി. പെന്തക്കോസ്ത് അല്ലെങ്കിൽ ആദ്യഫലങ്ങളുടെ പെരുന്നാൾ, ആത്മാക്കളുടെ പ്രാരംഭ വിളവെടുപ്പിലേക്ക് വിരൽ ചൂണ്ടുന്നു, യാഹ്‌വെയ്ക്കുള്ള ഒരുതരം ആദ്യഫലം. [ലേവ്യ. 23:15-21; സംഖ്യ. 28:26; പുറ. 24:4-8; ലൂക്കോ. 24:49; യോഹ. 14:26, 15:26; പ്രവൃത്തികൾ 1:4-8; 2:1-18; യോഹ. 14:16; റോമ. 8:23; 11:16; 16:5; 1കൊരി. 15:20-23, 16:15; യാക്കോ. 1:18; വെളി. 14:4]

## 11. കാഹളധ്വനിയുടെ ജ്ഞാപകം

നമ്മുടെ രക്ഷകനായ മിശിഹായുടെ മടങ്ങിവരവിനായി ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു, കാരണം അവസാന കാഹളനാദത്തിലും പ്രധാന ദൂതന്റെ ശബ്ദത്തിലും മടങ്ങിവരുമ്പോൾ നമ്മുടെ പ്രതിഫലം യാഹ്ശുവയിൽ നിന്ന് ലഭിക്കും. കാഹളധ്വനിയുടെ ജ്ഞാപകദിനം യാഹ്‌വെഹയുടെ നാലാമത്തെ വാർഷിക ശബ്ബത്ത് ആണ്. ഏഴാം മാസം 1-ാം തീയതി ഈ വിശുദ്ധ ശബ്ബത്ത് ദിവസം, ഒരു വിശുദ്ധ സമ്മേളന ദിനമാണ്. അവസാനത്തെ കാഹളനാദത്തിൽ നമ്മുടെ രക്ഷകന്റെ മടങ്ങിവരവിൽ സന്തോഷിക്കുന്നതിനായി സ്വർഗ്ഗീയ കാര്യങ്ങളിൽ നമ്മുടെ മനസ്സ് സൂക്ഷിക്കാൻ (മനസ്സിനെ നിയന്ത്രിക്കാൻ) നമ്മെ ഓർമ്മിപ്പിക്കുന്നു. കാഹളം നാദം മുഴക്കുന്നത് യിസ്രായേലിനെ ഒരുമിച്ചുകൂട്ടാനും യാത്രയ്ക്ക് തയ്യാറെടുക്കാനും വിളിക്കുന്ന ഒരു സൂചനയായി ഓർമ്മിപ്പിക്കുന്നു; യുദ്ധത്തിനുള്ള ആപത്സൂചകധ്വനിയായിട്ടും കഹകനാദം ഉപയോഗിക്കും. [1 കൊരി. 15:22-23, 51-53; 1 തെസ്സ. 4:14-17; 1 പത്രോ. 5:4; വെളി. 2:23; 22:12; ലേവ്യ. 23:24-25; ലൂക്കോ. 21:27-28; സംഖ്യ. 10:1-10]

## 12. പാപപരിഹാര ദിവസം

പാപപരിഹാര ദിനം ചൂണ്ടിക്കാണിക്കുന്നത് യാഹ്ശുവ നമുക്കായി പാപപരിഹാരം നടത്തിയതിലേക്കാണ്. യാഹ്ശുവായിലൂടെ നാം (ദൈവത്തോടു) നീതികരിക്കപ്പെടുന്നു. തന്റെ മഹത്തായ പ്രവൃത്തിയെക്കുറിച്ച് ഞങ്ങൾ സന്തോഷത്തോടെ മറ്റുള്ളവരോട് പറയുന്നു. ഏഴാം മാസം 9-ാം തിയതി സൂര്യാസ്തമയത്തോടെ ആ ദിവസം അവസാനിക്കുകയും ഒരു പുതിയ ദിവസം ആരംഭിക്കുകയും ചെയ്യുന്നു. പത്താം ദിവസം സൂര്യാസ്തമയം വരെ 24 മണിക്കൂർ ഞങ്ങൾ തിന്നുകയോ കുടിക്കുകയോ ചെയ്യില്ല, സൂര്യാസ്തമയത്തോടെ ആ ദിവസം അവസാനിക്കുന്നു. നമ്മുടെ സ്വാർത്ഥതയും ജഡികതയും നിറഞ്ഞ സ്വഭാവത്തെ നമ്മിൽ നിന്നും എടുത്തു മാറ്റുവാൻ യാഹ്ശുവയുടെ പ്രായശ്ചിത്ത യാഗം നമുക്ക് എത്രത്തോളം ആവശ്യമാണെന്ന് ഈ ദിവസത്തിൽകൂടി യാഹ്‌വെ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. സാത്താന്റെ ഉന്മൂലനാശത്തിനും, ലോകം യാഹ്ശുവയോടും നമ്മുടെ സ്വർഗീയ പിതാവിനോടും ഒന്നിക്കുന്നതിലേക്കും ഞങ്ങൾ കാത്തിരിക്കുന്നു. പാപപരിഹാര ദിവസം അഞ്ചാം വാർഷിക ശബ്ബത്താണ്, കൂടാതെ യോബേൽസംവത്സരവും (ജൂബിലി വർഷവും) അതാതു കാലങ്ങളിൽ ഈ ദിവസത്തിലാണ് തുടങ്ങുന്നത്.

ചരിത്രപരമായി ഇത് വർഷത്തിലെ അതിവിശുദ്ധ ദിവസമാണ്. [റോമ. 5:6–11, 2 കൊരി. 5:18–21; കൊലൊ. 1:19–22; എബ്രാ. 2:18; ലേവ്യ. 23:32; എബ്രാ. 2:14; പ്രവൃത്തികൾ 27:9; വെളി. 20:1–3; ലേവ്യ 25:10]

## 13. കൂടാരപ്പെരുന്നാൾ (കൂടാര പെരുന്നാൾ)

വരുവാനിരിക്കുന്ന നമ്മുടെ രാജാവായ യാഹ്ശുവയുടെ ആയിരം വർഷത്തെ നീതിനിഷ്ഠമായ ഭരണത്തിലേക്കാണ് കൂടാരപ്പെരുന്നാൾ വിരൽ ചൂണ്ടുന്നത്. യാഹ്വെയുടെ നിയമാനുസരണം യാഹ്ശുവ ഈ ഭൂമിയെ ഭരിക്കുന്ന ആ കാലഘട്ടത്തിൽ സമാധാനവും അഭിവൃദ്ധിയും ആഹ്ലാദവും നിലനിൽക്കും. തിരുവെഴുത്തുകൾ വ്യക്തമായി പഠിച്ച് യാഹ്വെയുടെ കൂടാരപ്പെരുന്നാളിൽ പങ്കെടുക്കുമ്പോൾ, ഈ ലോകത്തിന്റെ മുഴുവൻ പരമാധികാരിയായ യാഹ്വെയിലുള്ള നമ്മുടെ വിശ്വാസം പ്രകടമാക്കുന്നു. ഏഴാം മാസം (ഹീബ്രുവിൽ **തിശ്രി**) 15-ാം തീയതി മുതൽ ഏഴു ദിവസം, യാഹ്വെ തന്റെ നാമം സ്ഥാപിച്ച സ്ഥലത്തു വിശുദ്ധസഭായോഗം കൂടി കൂടാരപ്പെരുന്നാൾ ആചരിക്കുവാൻ നമ്മോടു കല്പിച്ചിരിക്കുന്നു. പെരുന്നാളിന്റെ ആദ്യ ദിവസം ആറാമത്തെ വാർഷിക ശബ്ബത്തും കൂടിയാണ്. യോവേൽ സംവത്സരത്തിന്റെ ആവൃത്തി യാഹ്വെയുടെ വീണ്ടെടുപ്പ് പദ്ധതിയെയും, യാഹ്വെയുടെ "വിശ്രമത്തിൽ" നാം പ്രവേശിക്കുന്നതിനെയും സൂചിപ്പിക്കുന്നു. [സെഖ. 14:16; 2 തിമോ. 3:14–17; ലേവ്യ. 23:34–36, 43; സംഖ്യാ. 29:12]

## 14. എട്ടാംദിവസം

'എട്ടാംദിവസം' എന്നറിയപ്പെടുന്ന പെരുന്നാൾ യാഹ്വെയുടെ നിയുക്ത ഉത്സവ ദിവസവും ഏഴാമത്തെ വാർഷിക ശബ്ബത്തും കൂടിയാണ്. ഈ പെരുന്നാൾ യാഹ്ശുവയുടെ ആയിരം വർഷത്തെ ഭരണത്തിനു ശേഷമുള്ള വെള്ളസിംഹാസന ന്യായവിധിയുടെ സമയത്തെ ചിത്രീകരിക്കുന്നു. തീപ്പൊയ്കയിൽ തിന്മയെ നശിപ്പിച്ചതിനുശേഷം, 'എട്ടാംദിവസം' നിത്യതയെ സൂചിപ്പിക്കുന്നു. മനുഷ്യവർഗം അറിഞ്ഞിരുന്ന 'സമയം' എന്ന 'അളവ്' അന്നുമുതൽ നിലവിൽ ഉണ്ടാകുകയില്ല. അത് "പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും" "സമയമാണ് ", "എല്ലാം പുതുതായി നിർമ്മിക്കപ്പെടുന്ന" സമയമാണ്. ആ സമയത്തു പുതിയ യെരുശലേം യാഹ്വെയിൽ നിന്ന്, സ്വർഗ്ഗത്തിൽ നിന്ന് തന്നെ ഇറങ്ങിവരുന്നു, കൂടാതെ യാഹ്വെയുടെ കൂടാരവാസം അന്നുമുതൽ മനുഷ്യരോടു കൂടെ ആകുന്നു. യാഹ്വെയുടെ കല്പനകളും യാഹ്ശുവയുടെ വിശ്വാസവും അനുസരിച്ചുകൊണ്ട് അവസാനം വരെ സഹിഷ്ണതയോടെ നിൽക്കുന്നവർക്ക്, എട്ടാം ദിവസത്തെ പെരുന്നാൾ പ്രതിനിധാനം ചെയ്യുന്നതു, നിത്യജീവൻ ആകുന്നു. [ലേവ്യ. 23:36, സംഖ്യ. 29:35–39, നെഹെ. 8:18; മത്താ. 25:32; വെളി. 20:10, 14, 15; യെശ. 66:22, വെളി. 21:1–5; വെളി. 14:12; വെളി. 2:7]

## 15. പ്രഥമചന്ദ്രൻ

തിരുവെഴുത്തിലെ മാസങ്ങൾ നിർവചിക്കപ്പെടുന്നത് പ്രഥമചന്ദ്രന്റെ ദൃശ്യമായ നേർത്ത ചന്ദ്രക്കലയുടെ പ്രത്യക്ഷതയാൽ ആണ്. തിരുവെഴുത്ത് സൂചിപ്പിക്കുന്നത് ഓരോ മാസത്തിൽ വരുന്ന പ്രഥമചന്ദ്രൻ ഏതു ദേശത്തുനിന്നും ആദ്യം കാണുന്നുവോ, ആ പ്രദേശത്തുനിന്നും മാസത്തിന്റെ ആരംഭവും തുടങ്ങുന്നു. തിരുവെഴുത്ത് അനുസരിച്ച് സൂര്യാസ്തമയത്തിൽ ഒരു ദിവസം ആരംഭിക്കുകയും അടുത്ത സൂര്യാസ്തമയത്തിൽ ആ ദിവസം അവസാനിക്കുകയും ചെയ്യുന്നു. വരുവാനിരിക്കുന്ന രാജ്യത്തിൽ പുതിയ മാസത്തിന്റെ ആരംഭം മനസ്സിലാക്കുവാൻ പ്രഥമചന്ദ്രൻ നോക്കപെടും. [2 രാജാ. 4:23; നെഹെ. 10:33; സങ്കീ. 81:3; ലേവ്യ. 23:32; ന്യായാ. 14:12, 18; മർക്കോ. 1:32; യെശ. 66:23]

## 16. പാപം

യാഹ്വെയുടെ ന്യായപ്രമാണത്തെ (നിയമ) ലംഘിക്കുന്നതാണ് പാപം. ന്യായപ്രമാണം ഇല്ലെങ്കിൽ പാപവും ഇല്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു. പാപത്തിന്റെ ശമ്പളം മരണമത്രേ. മരണം ഒരു ഉറക്കമാണ്, അത് മനുഷ്യനെ മണ്ണിലേക്ക് മടക്കുന്നു. [1 യോഹ. 3:4; റോമ. 7:7–12; പുറ. 20:1–20; ആവർ. 5:1–24; റോമ. 3:23; ഉല്പ. 2:16–17; 3:19; റോമ. 6:23; 1 കൊരി. 15:22; എബ്രാ. 9:27; യോഹ. 11:11–14; സഭാ. 9:5–6, 10; യെശ. 38:18; സങ്കീ. 115:17]

## 17. വീണ്ടെടുപ്പ്

എല്ലാ മനുഷ്യരും പാപം ചെയ്യുകയും മരണശിക്ഷ സമ്പാദിക്കുകയും ചെയ്തതിനാൽ, മാനസാന്തരപ്പെടേണ്ടത് ആവശ്യമാണ്, അതായത്, നമ്മുടെ മുൻകാല ജീവിതരീതിയിൽ യാഹ്വെയുടെ വിശുദ്ധ നിയമം ലംഘിച്ചതിൽ ഖേദിക്കുകയും, ഇപ്പോൾ അനുസരണത്തിന്റെ വഴിയിലേക്ക് മാറുകയും, മിശിഹായായ യാഹ്ശുവയുടെ മാതൃകാപരമായ ജീവിതം പിന്തുടരുകയും ചെയ്യുവാനുള്ള തീരുമാനത്തിൽ എത്തുകയും ചെയ്യുക എന്നത് തന്നെ. നിയമത്തിന്റെ ശാപമാകുന്ന മരണത്തിൽനിന്നും മോചിതരാകുവാൻ, നമ്മുടെ പാപങ്ങൾക്കുള്ള പ്രതിഫലമായി നാം യാഹ്ശുവയുടെ മരണം സ്വീകരിക്കണം. യാഹ്ശുവ നമ്മുടെ പക്ഷവാദിയും മധ്യസ്ഥനുമാണ്. [മത്താ. 19:17; യോഹ. 8:11; എബ്രാ. 6:1, 9:14; മത്താ. 26:26-28; കൊലൊ. 3:13; എബ്രാ. 9:26, 10:12; 1 പത്രോ. 2:21-24; 1 യോഹ. 1:7-10; 1 തിമോ. 2:3-5]

## 18. വിശുദ്ധീകരണം

യാഹ്ശുവയുടെ വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെടുകയും വേർതിരിക്കപ്പെടുകയും ചെയ്തതിനാൽ, അകത്തും പുറത്തും ശുദ്ധിയുള്ളതായിരിക്കേണ്ടത് പ്രധാനമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ്, ലേവ്യപുസ്തകം 11-ലെയും ആവർത്തനം 14-ലെയും ശുദ്ധമായ മൃഗങ്ങളുടെയും പക്ഷികളുടെയും മൽസ്യങ്ങളുടെയും മാംസത്തിന്റെ നിയമം ഞങ്ങൾ സന്തോഷത്തോടെ പാലിക്കുന്നു. ഇത് വിശുദ്ധിയുടെ ഒരു പാഠമാണ്, ശുചിത്വവും, മലിനവും, വിശുദ്ധവും, അശുദ്ധവും തമ്മിലുള്ള വ്യത്യാസം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങൾ നമ്മുടെ ചിന്തകളെ പ്രതിഫലിപ്പിക്കുന്നു. ആയതിനാൽ വായന, ടി.വി, റേഡിയോ, സുഹൃത്തുക്കൾ, സഹകാരികൾ എന്നിവയ്ക്കൊപ്പമുള്ള സമയം നമ്മുടെ മനസ്സിനെ പൂരിതമാക്കാൻ അനുവദിക്കുന്ന കാര്യങ്ങൾ മാത്രം തിരഞ്ഞു നോക്കിയെടുക്കാൻ നാം സ്വയം അച്ചടക്കശീലം പാലിക്കണം. നാം ശുദ്ധിയുള്ള ഭക്ഷണം കഴിക്കുകയും ശുദ്ധമായി ചിന്തിക്കുകയും ശുചിത്വത്തോടു ജീവിക്കുകയും യാഹ്വെഹ്യുടെ സന്നിധിയിൽ കളങ്കമില്ലാത്തവരും വിശുദ്ധരും ആയിരിക്കുകയും വേണം. നാം ലോകത്തിന് ഒരു മാതൃകയായിരിക്കണം. യാഹ്വെഹ്യുടെ മുമ്പാകെ വിശുദ്ധീകരിക്കപ്പെടണം. [2 കൊരി. 6:16-18; 1 തിമോ. 3:7; മത്താ. 5:48; 1 കൊരി. 3:17; 1 പത്രോ. 1:15-16; വെളി. 21:27]

## 19. അഭിഷേകം

യാഹ്ശുവയുടെ ഉത്തമമായ ത്യാഗത്താൽ നമ്മുടെ രോഗങ്ങളിൽ നിന്ന് സൗഖ്യം പ്രാപിക്കുന്നത് സാധ്യമാക്കിയിരിക്കുന്നു. യാഹ്വെയിലും തന്റെ മാർഗനിർദേശത്തിലും ആശ്രയിച്ച് പ്രാർത്ഥനയിൽ ആദ്യം തന്നിലേക്ക് തിരിയുന്നതിലൂടെയും, യാഹ്വെയുടെയും യാഹ്ശുവയുടെയും നാമത്തിൽ സഭയിലെ മൂപ്പന്മാർ രോഗികളെ അഭിഷേകം ചെയ്യുന്നതിലൂടെയും, നമ്മുടെ അസുഖങ്ങൾക്ക് സൗഖ്യം സാധ്യമാണ്. യാഹ്വെയുടെ ജീവനുള്ള വചനത്താൽ വ്യക്തമാക്കുന്ന രോഗശാന്തിയിൽ ഞങ്ങൾ വിശ്വസിക്കുന്നു. [യെശ. 53:5; യാക്കോ. 5:13-20]

## 20. ദശാംശം

നമ്മുടെ സമ്പത്തുകൊണ്ട് യാഹ്വെയെ ബഹുമാനിക്കുവാൻ കഴിയുന്നത് ഒരു അനുഗ്രഹമാണ്, കൂടാതെ നമ്മുടെ ദശാംശങ്ങളും വഴിപാടുകളും ഉപയോഗിച്ച് യാഹ്വെയുടെ വേലയെ പിന്തുണയ്ക്കുന്നത് തന്നെ ഒരു ആരാധനയാണ്. തന്റെ പെരുന്നാൾ ദിനങ്ങളിൽ പങ്കെടുക്കാനും ആസ്വദിക്കാനും ആവശ്യമായ പണം നമുക്ക് ഉറപ്പാക്കാൻ യാഹ്വെ തന്റെ ജ്ഞാനത്തിൽ രണ്ടാം ദശാംശവും നൽകിയിട്ടുണ്ട്. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യമാണ്, യാഹ്വെ ഉദാരനാണെന്നും നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുമെന്നും അറിഞ്ഞുകൊണ്ട് നാം സന്തോഷത്തോടെ ദശാംശം കൊടുക്കുന്നു. [സദൃ. 3:9; ലേവ്യ. 27:30-33; മലാ. 3:8-12; മത്താ. 23:23; 1 കൊരി. 9:1-25; 2 കൊരി. 9:1-15; ആവർ. 14:27-29, 26:12-17]

## 21. പ്രതിയോഗി

ലൂസിഫർ എന്നു അറിയപ്പെടുന്ന, ആത്മീയ ശക്തിയായ സാത്താൻ ഒരു അഭിഷിക്ത കെരൂബ് ആയിരുന്നു. അവന്റെ അഹങ്കാരം ഉയർന്നു, അവൻ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. പിശാച് യാഹ്വെയുടെയും തന്റെ ജനത്തിന്റെയും എതിരാളിയാണെന്നും, ഒടുവിൽ നശിപ്പിക്കപ്പെടുമെന്നും തിരുവെഴുത്തുകൾ കാണിക്കുന്നു.

സാത്താൻ യാഹ്വെയുടെ രാജ്യം സ്ഥാപിക്കുന്നത് തടയാൻ ശ്രമിക്കുന്നു. യാഹ്വെയുടെ സഹായത്താൽ നമുക്ക് പിശാചിനെ ചെറുക്കാൻ കഴിയും, അവൻ നമ്മളിൽ നിന്ന് ഓടിപ്പോകും. [യെശ. 14:12-20; യെഹെ. 28:13-19; ലൂക്കോ. 10:18; വെളി. 12:7-9; യോഹ. 8:44; വെളി. 12:10; യെശ. 14:18-19; യെഹെ. 28:16; റോമ. 16:20; എബ്രാ. 2:14; മത്താ. 4:1-11; യാക്കോ. 4:7]

## 22. മർത്ത്യത

മരിച്ചവർ അബോധാവസ്ഥയിൽ അവരുടെ ശവക്കുഴികളിൽ പുനരുത്ഥാനത്തിനായി (നിത്യജീവനായി) കാത്തിരിക്കുന്നു. ആ നിത്യജീവനെ ആണ് നാം അന്വേഷിക്കുന്നത്. മിശിഹായായ യാഹ്ശുവായുടെ പ്രവർത്തനത്തിലൂടെ നമുക്ക് ആ നിത്യജീവൻ ലഭ്യമാക്കുകയും ചെയ്യുന്നു. യാഹ്വെയ്ക്ക് മാത്രമേ അമർത്യതയുള്ളൂ. മനുഷ്യർക്ക് അമർത്യമായ ഒരു ദേഹി ഇല്ല. ദേഹിയും മരണത്തിനു കീഴ്പെടാം. [ഇയ്യോ. 14:12-14; ദാനി. 12:2; യോഹ. 5:29; 1 കൊരി. 15:51-56; 1 തെസ്സ. 4:13-17; എബ്രാ. 11:13, 39; റോമ. 2:7; 1 കൊരി. 15:53-54; യോഹ. 3:15, 17:2-3; 2 തിമോ. 1:10; 1 തിമോ. 1:17, 6:16; സങ്കീ. 6:5; 115:17; യെശ. 26;19; യെഹെ. 18:4, 20; മത്താ. 10:28]

## 23. വിശ്വാസികളുടെ കൂട്ടായ്മ ആകുന്ന ശരീരം

യാഹ്ശുവ മിശിഹായാണ് തന്റെ കൂട്ടായ്മ ആകുന്ന ശരീരത്തിന്റെ അടിസ്ഥാനവും മൂലക്കല്ലും. അപ്പോസ്തോല പ്രവർത്തി 2-ലെ പെന്തക്കോസ്ത് മുതൽ ഈ ശരീരം വിളിക്കപ്പെട്ട വിശ്വാസികളുടെ കൂട്ടായ്മ ആകുന്നു. ഈ കൂട്ടായ്മയിൽ ഉള്ളവർ നമ്മുടെ പ്രിയപ്പെട്ട രക്ഷകന്റെ ത്യാഗം സ്വീകരിക്കുകയും യാഹ്വെയുടെ വചനപ്രകാരം തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യുവർ ആകുന്നു. ഈ വിശ്വാസികളുടെ കൂട്ടായ്മയിലൂടെ വരുവാനിരിക്കുന്ന രാജ്യത്തിനായുള്ള പരിശീലനവും തയ്യാറെടുപ്പും നടത്തപ്പെടുന്നു. ഈ കൂട്ടായ്മയിലെ ആത്മീയ വരങ്ങൾ വിശുദ്ധരുടെ പൂർണ്ണതയ്ക്കും ശുശ്രൂഷയുടെ പ്രവർത്തനത്തിനും മിശിഹായുടെ ശരീരമാകുന്ന കൂട്ടായ്മയുടെ നവീകരണത്തിനും വേണ്ടിയാണു ഉപയോഗമാക്കപ്പെടുന്നത്. ആത്മീയ ഫലങ്ങൾ പ്രകടമാകുന്ന ഇടമാണ് ഈ കൂട്ടായ്മ. മിശിഹായുടെ ശരീരമാകുന്ന കൂട്ടായ്മയുമായി നാം പുലർത്തുന്ന ബന്ധത്തെ യാഹ്ശുവയുമായി ഉപമിച്ചിരിക്കുന്നു.

അപ്പോസ്തലനായ പൗലോസിന്റെ കാലത്തോളം പഴക്കമുള്ള ആദ്യകാല കൂട്ടായ്മയുടെ സ്ഥാപിത ആചാരമനുസരിച്ച്, കൂട്ടായ്മയിലെ സഹോദരിമാർ ആരാധന സമയത്ത് തലയിൽ മൂടുപടം ധരിക്കണം എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. 1 കൊരിന്ത്യർ 11:1-16-ൽ പൗലോസ് ഈ ആചാരത്തിന്റെ കാരണങ്ങൾ ഉദ്ധരിക്കുന്നു. യാഹ്ശുവ ഉൾപ്പെടെ എല്ലാറ്റിന്റെയും തല യാഹ്വെയാണ്. യാഹ്ശുവ നമ്മുടെ മഹാപുരോഹിതനാണ്, ആയതിനാൽ യാഹ്ശുവ പ്രതീകാത്മകമായി ആ അധികാരത്തിന്റെ കിരീടം ധരിക്കുന്നു. ഭൂമിയിൽ, മനുഷ്യൻ യാഹ്വെയുടെ മഹത്വം പ്രതിഫലിപ്പിക്കുകയും തന്റെ മുമ്പിൽ മൂടുപടം ഇല്ലാതെ നിൽക്കുകയും ചെയ്യുന്നു. എന്നാൽ, സ്ത്രീ പുരുഷന്റെ മഹത്വമാണ്, അതിനാൽ അവളുടെ തല മൂടുകയോ മൂടുപടം ധരിക്കുകയോ വേണം. ദൈവദൂതൻമാരുടെ കൂട്ടം മനുഷ്യരുടെ പ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നു. യാഹ്ശുവ തന്റെ ശരീരമാകുന്ന കൂട്ടായ്മയുടെ തലവൻ ആയി ആ കൂട്ടായ്മയെ സ്നേഹിക്കുന്നതുപോലെ പുരുഷൻ തന്റെ ഭാര്യയെ സ്നേഹിക്കുകയും കുടുംബത്തിലെ തലവൻ ആയിരിക്കുകയും വേണം. [മത്താ. 12:50; 1പത്രോ. 2:5, 9-10; വെളി. 1:6, 20:6; എഫെ. 4:7-13; 1 കൊരി. 12:7-10; 28-30; ഗലാ. 5:22-23; മത്താ. 12:50; 25:40; ലേവ്യ. 21:10; 1കൊരി. 4:9; എഫെ. 5:23-25].

## 24. സ്നേഹം

നാം ഏറ്റുപറയുന്ന ജീവനുള്ള വിശ്വാസത്തിന്റെ നല്ല മാതൃകകളായിരിക്കണം. സ്നേഹം, സത്യസന്ധത, വിനയം, വിശ്വാസം, പ്രത്യാശ, ക്ഷമ, ആദരവ് എന്നിവയെ നാം അനുകരിക്കാൻ ശ്രമിക്കുന്നത് നമ്മുടെ മാതൃകയായ യാഹ്ശുവ മിശിഹായുടെ സ്വഭാവം തന്നെയാണ്. നമ്മുടെ വീടുകളിലും കൂട്ടായ്മകളിലും സമൂഹങ്ങളിലും നാം നിലനിർത്തുവാൻ ശ്രമിക്കുന്ന പ്രധാന സവിശേഷത സ്നേഹമാണ്. സ്നേഹം നിസ്വാർത്ഥവും മറ്റുള്ളവർക്ക് വേണ്ടിയുള്ളതുമായ ഒരു പരിഗണനയാണ്. സഹോദരങ്ങൾ എവിടെയായിരുന്നാലും അവരുടെ ഇടയിൽ സ്നേഹം കാണണം, കാരണം അത് യാഹ്വെയുടെ ജനത്തിന്റെ യഥാർത്ഥ അടയാളമാണ്. എല്ലാ മനുഷ്യർക്കും രക്ഷ സൗജന്യമായി വാഗ്ദാനം ചെയ്യപ്പെട്ടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. യാഹ്വെ എല്ലാ ജനതകളുടെയും സ്രഷ്ടാവാണ്, എല്ലാ ആളുകൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയമാണ് തന്റെ ആലയം. തന്റെ പുത്രനായ യാഹ്ശുവാ മിശിഹായുടെ ത്യാഗത്തിൽ പ്രകടമായ യാഹ്വെയുടെ സ്നേഹം മിശിഹായിൽ വരുന്ന എല്ലാവർക്കും ലഭ്യമാണ്.

ദൈവകല്പനകൾ പാലിച്ചുകൊണ്ട് പിതാവിനോടും തന്റെ പുത്രനായ യാഹ്ശുവയോടുമുള്ള സ്നേഹം ഞങ്ങൾ പ്രകടമാക്കുന്നു. [ലേവ്യ. 19:17-18; മത്താ. 5, 6, 7; 22:39; 1 കൊരി. 6:1-11; 1 പത്രോ. 2:21-23; യെശ. 56:7; പ്രവൃത്തികൾ 8:27-39; ഗലാ. 3:28, കൊലൊ. 3:11; വെളി. 3:20; 22:17; 1 യോഹ. 2:5; 5:3; 2 യോഹ. 6]

## <u>അംഗത്വത്തിനുള്ള യോഗ്യതകൾ</u>

പശ്ചാത്താപം, യാഹ്ശുവയുടെ നാമത്തിലുള്ള സ്നാനം, പരിശുദ്ധാത്മാവിനെ സ്വീകരിക്കൽ എന്നിവയാണ് മിശിഹായുടെ ശരീരത്തിലെ അംഗമാകാനുള്ള പടികൾ. യാഹ്ശുവയിൽ അറിവിന്റെയും കൃപയുടെയും വളർച്ചയുടെ ഒരു ജീവിതം, ഓരോരുത്തരും ഭയത്തിലും വിറയലിലും സ്വന്തം രക്ഷയ്ക്കായി പ്രവർത്തിക്കുന്നു. യഥാർത്ഥ പരിവർത്തനം കാണിക്കുന്ന രാജകീയ നിയമത്തോടുള്ള അനുസരണം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നു. ഓരോ അംഗവും ഇത് പ്രചോദിത തിരുവെഴുത്തുകൾ പ്രഘോഷിക്കുന്ന നല്ല ഉപദേശങ്ങളുടെ അടിസ്ഥാന സംഗ്രഹമായി അംഗീകരിക്കും.

(യാഹ്ശുവ മിശിഹായുടെ കാൽപ്പാടുകൾ പിന്തുടരുന്നതിൽ താടി ധരിക്കുന്നതിന്റെ ശാരീരിക വശവും ഉൾപ്പെട്ടേക്കാം. നിർബന്ധമല്ലെങ്കിലും, രക്ഷകന്റെ വേഷഭാഗമായിരുന്നു താടിയെന്ന് പല വേദവാക്യങ്ങളും കാണിക്കുന്നു, കൂടാതെ യിസ്രായേല്യർ താടിയുള്ളവരായിരിക്കാൻ പ്രതീക്ഷിച്ചിരുന്നതായി നിരവധി തിരുവെഴുത്തുകൾ സൂചിപ്പിക്കുന്നു, പക്ഷെ, കൂർത്ത താടി അല്ല ധരിക്കേണ്ടത്. താടി ഒരു വ്യക്തിഗത മുൻഗണനയാണ്.) [പ്രവൃത്തികൾ 2:38; ഫിലി. 2:12; എഫെ. 4:13; യെശ. 50:6; ലേവ്യ. 14:9; 13:29-30; ലേവ്യ. 19:27; 21:5]

ഇവിടെ അഭിസംബോധന ചെയ്തിട്ടുള്ള മിക്ക വിഷയങ്ങളെയും കുറിച്ചുള്ള ലഘുലേഖനങ്ങൾ യാഹ്വെസ് അസംബ്ലി ഇൻ യാഹ്ശുയിൽ പ്രസിദ്ധീകരിക്കുന്നു.

ഞങ്ങളുടെ സാഹിത്യ വിഭാഗം കാണുക.

© 2007, 2016 യാഹ്വെസ് അസംബ്ലി ഇൻ യാഹ്ശുവ
2963 കൗണ്ടി റോഡ് 233, കിംഗ്ഡം സിറ്റി, മിസൂറി 65262.
ഞങ്ങളെ ഓൺലൈനിൽ ഇവിടെ കാണുക: http://www.YAIY.org
ടോൾ ഫ്രീയായി വിളിക്കുക: +1 877 642-4101
പ്രധാന ലൈൻ: +1 573 642-4100